# കോവിട് - 19 ടെസ്റ്റ് റിസൾട്ട് എങ്ങനെ ലഭ്യമാക്കാം

NSW GOVERNMENT | Health Pathology

കോവിട് - 19 ടെസ്റ്റ് റിസൾട്ട് കിട്ടാൻ മൂന്നു വഴികൾ ഉണ്ട്

1. വ്യക്തിഗതമാക്കിയ ക്യു. ആർ. കോഡ് വഴി
2. ഫല പോർട്ടൽ വഴി
3. നിങ്ങളുടെ മൊബൈൽ ഫോണിൽ വന്ന എസ്. എം. എസ്. വഴി

**നിങ്ങളുടെ ടെസ്റ്റ് കഴിഞ്ഞു, റിസൾട്ട് വരുന്നത് വരെ സ്വയം ഒറ്റപ്പെടുത്തുക.**

- എൻ. എസ്. ഡബ്ള്യൂ. ഹെൽത്ത് വേറെ പ്രതേക നിർദേശം തന്നില്ലെങ്കിൽ, നേരെ വീട്ടിൽ പോയി സ്വയം ഒറ്റപ്പെടുത്തുക.
- അസുഖം ഇല്ലെങ്കിൽ തന്നെയും റിസൾട്ട് വരുന്നത് വരെ വീട്ടിൽ തന്നെ ഇരിക്കുക.
- മിക്കവാറും ആളുകൾക്കും 24 മണിക്കൂറിനുള്ളിൽ റിസൾട്ട് പ്രതീക്ഷിക്കാം.

**ഓപ്ഷൻ 1: വ്യക്തിഗതമാക്കിയ ക്യു. ആർ. കോഡ് വഴി**

നിങ്ങൾ ടെസ്റ്റ് ചെയ്തപ്പോൾ എന്തെങ്കിലും ലഘുലേഖ അഥവാ ഫ്ലയർ തന്നിട്ടുണ്ടെങ്കിൽ, അതിൽ ഉള്ള ക്യു. ആർ. കോഡ് നിങ്ങളുടെ മൊബൈൽ ഫോൺ ഉപയോഗിച്ച് സ്കാൻ ചെയ്യുക, എന്നിട്ടു സെൻഡ് ബട്ടൺ അമർത്തുക.

ക്യു. ആർ. കോഡിൽ നിങ്ങളുടെ വ്യക്തിഗതമായ വിവരങ്ങൾ ഉള്ളതിനാൽ വേറൊരാൾക്ക് ഉപയോഗിക്കാൻ പാടില്ല.

**ഓപ്ഷൻ 2: ഫല പോർട്ടൽ വഴി**

- " https://my.pathology.health.nsw.gov.au "എന്ന വെബ്സൈറ്റ് സന്ദർശിക്കുക.
- അവിടെ നിങ്ങളുടെ മൊബൈൽ നമ്പർ ടൈപ്പ് ചെയ്ത ശേഷം ബ്ലൂ ബട്ടൺ അമർത്തുക. പ്രതേക ശ്രദ്ധയ്ക്ക്: +61 എന്ന കോഡ് ഓസ്ട്രേലിയ നമ്പറുകൾക്കു ആണ്. നിങ്ങൾ ഇന്റർനാഷണൽ ഫോൺ ഉപയോഗിക്കുവാണെങ്കിൽ, നിങ്ങളുടെ രാജ്യത്തിന്റെ കോഡ് മാറ്റി കൊടുക്കുക.
- നിങ്ങളുടെ മൊബൈലിൽ വന്ന കോഡ്, വെബ്സൈറ്റിൽ പാസ്സ്കോഡ് എന്ന സ്ഥലത്തു ടൈപ്പ് ചെയ്തിട്ട് ബ്ലൂ ബട്ടൺ അമർത്തുക.

പ്രതേക ശ്രദ്ധയ്ക്ക്: നിങ്ങൾ ആദ്യമായി ഓൺലൈൻ പോർട്ടൽ സന്ദര്ശിക്കുവാണെങ്കിൽ കുറച്ചു അധികം വിവരങ്ങൾ ടൈപ്പ് ചെയ്യേണ്ടതായി വരും.

- 'View Results' ക്ലിക്ക് ചെയ്ത ശേഷം താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ടൈപ്പ് ചെയ്യുക.

– നിങ്ങളുടെ ഒന്നാം പേര്
– നിങ്ങളുടെ കുടുംബപ്പേര്
– നിങ്ങളുടെ ജനനത്തീയതി
– നിങ്ങളുടെ വീടിന്റെ പോസ്റ്റ് കോഡ്
– നിങ്ങളുടെ ലിംഗം - *ഉദാഹരണത്തിന്, 'സ്ത്രീ ' അല്ലെങ്കിൽ 'പുരുഷൻ ' അല്ലെങ്കിൽ 'വേറെ '.*
– *ശേഖരിച്ച ദിവസം - നിങ്ങൾ ടെസ്റ്റ് ചെയ്ത ദിവസം.*
– *നിങ്ങളുടെ മെഡി കെയർ കാർഡ് നമ്പർ (ഉണ്ടെങ്കിൽ). അല്ലെങ്കിൽ ഒന്നും എഴുതാതെ വിടുക.*

- 'Select collection centre' എന്ന് എഴുതിയിരിക്കുന്ന ബ്ലൂ ബട്ടൺ ഞെക്കുക. എന്നിട്ടു നിങ്ങൾ കോവിട് ടെസ്റ്റ് ചെയ്ത സ്ഥലം കണ്ടുപിടിക്കുക. നിങ്ങൾ എൻ. എസ്. ഡബ്ള്യൂ. ഹെൽത്ത് പാത്തോളജിയുടെ കീഴിൽ വരുന്ന സെന്ററിൽ അല്ല ടെസ്റ്റ് ചെയ്തത് എങ്കിൽ, ഈ വെബ്സൈറ്റിൽ നിങ്ങൾ പോയ ക്ലിനിക്നെ ബന്ധപ്പെടാൻ ഉള്ള വിവരം ലഭ്യമാണ്.
- നിങ്ങളുടെ റിസൾട്ട് കാണാൻ 'View Results' ക്ലിക്ക് ചെയ്യുക.
- നിങ്ങളുടെ ഒന്നാം പേരും ജനനത്തീയതി 'DDMMYYYY' ഫോർമാറ്റിലും ടൈപ്പ് ചെയ്യുക. ഉദാഹരണത്തിന് 01051971.
- അപ്പോൾ നിങ്ങള്ക്ക് കോവിട് റിസൾട് കാണാനും ഡൌൺലോഡ് ചെയ്യാനും സാധിക്കും.

**ഓപ്ഷൻ 3: നിങ്ങളുടെ മൊബൈൽ ഫോണിൽ വന്ന എസ്. എം. എസ്. വഴി**

ഫല പോർട്ടൽ പ്രാപ്യമാകാൻ പറ്റാത്തവർക്ക്, മൊബൈൽ എസ്. എം. എസ്. വഴി റിസൾട്ട് ലഭ്യമാണ്.

- 'my result' എന്ന വാക്കു 0480 050 030 എന്ന നമ്പറിൽ എസ്. എം. എസ്. ചെയ്യുക.
- നിർദേശിക്കുന്നത് അനുസരിച്ചു താഴേയ് പറയുന്ന കാര്യങ്ങൾ എസ്. എം. എസ് ചെയ്യുക
    - നിങ്ങളുടെ കുടുംബപ്പേര്
    - നിങ്ങളുടെ ജനനത്തീയതി അക്കങ്ങൾ മാത്രം ഉപയോഗിച്ച് - 'DDMMYYYY' ഉദാഹരണത്തിന് 01012000.
    - നിങ്ങൾ കുട്ടികൾക്ക് വേണ്ടി റെസ്റ്ജിറ്റർ ചെയ്യുന്ന പക്ഷം, നിങ്ങളോടു കുട്ടിയുടെ രക്ഷകർത്താവ് ആയി സ്ഥിരീകരിക്കാൻ ആവശ്യപ്പെടുമ്പോൾ 'Yes' എന്ന് ടൈപ്പ് ചെയ്യുക.
    - നിങ്ങളുടെ ലിംഗം - *സ്ത്രീക്കു* 'F' *എന്ന് ടൈപ്പ് ചെയ്യുക അല്ലെങ്കിൽ പുരുഷന്* 'M' *എന്ന് ടൈപ്പ് ചെയ്യുക അല്ലെങ്കിൽ വേറെക്കു* 'O' *എന്ന് ടൈപ്പ് ചെയ്യുക* .
    - നിങ്ങളുടെ പോസ്റ്റ് കോഡ് (ഉദാഹരണത്തിന് 2114)
    - *നിങ്ങൾ* കോവിട്-19 *ടെസ്റ്റ് ചെയ്ത ദിവസം* 'DDMMYYYY' ഫോർമാറ്റിലും ടൈപ്പ് ചെയ്യുക. ഉദാഹരണത്തിന്, 01052021
- നിങ്ങൾ ടൈപ്പ് ചെയ്ത വിവരങ്ങൾ ഒന്ന് കൂടി പരിശോധിച്ച ശേഷം ശെരിയെങ്കിൽ 'Yes' എന്ന് ടൈപ്പ് ചെയ്യുക. അല്ലെങ്കിൽ എന്തെങ്കിലും തെറ്റ് ഉണ്ടെങ്കിൽ 'No' എന്ന് ടൈപ്പ് ചെയ്ത ശേഷം ഒന്ന് കൂടി സ്റ്റാർട്ട് ചെയ്യുക.

- എല്ലാം പൂർത്തിയായ ശേഷം നിങ്ങള്ക്ക് *'Your registration has been* **received'** എന്ന എസ്. എം. എസ്. ലഭിക്കും.
- അതുകഴിഞ്ഞു നിങ്ങള്ക്ക് ഒരു പാസ്സ്കോഡ് കൂടി ലഭ്യമാകും. അത് റിസൾട്ട് കിട്ടാൻ ടൈപ്പ് ചെയ്തു കൊടുക്കേണ്ടതാണ്.
- റിസൾട്ട് റെഡി ആകുമ്പോൾ നിങ്ങള്ക്ക് ഒരു എസ്. എം. എസ്. ലഭിക്കും. നിങ്ങളോടു *'Ready'* എന്ന വാക്കും അതിന്റെയ് കൂടെ നേരത്തെ ലഭിച്ച പാസ്സ്കോഡും എസ്. എം. എസ്. ചെയ്യാൻ ആവശ്യപ്പെടും.
- അല്പസമയത്തിനുള്ളിൽ റിസൾട്ട് നിങ്ങളുടെ ഫോണിൽ എസ്. എം. എസ്. ആയി വരും.

**നിങ്ങള്ക്ക് സഹായം ആവശ്യം ഉണ്ടോ?**

നിങ്ങള്ക്ക് റിസൾട്ട് കിട്ടാൻ എന്തെങ്കിലും ബുദ്ധിമുട്ടോ 48 മണിക്കൂർ കഴിഞ്ഞിട്ടും റിസൾട്ട് കിട്ടാതെ വരുകയാണെങ്കിലോ നിങ്ങൾക്കു ഈ https://www.pathology.health.nsw.gov.au/covid-19-info/covid-19-results-direct വെബ്സൈറ്റിൽ നോക്കാവുന്നതാണ്.

**എന്റെ കോവിട്-19 റിസൾട്ട് പോസിറ്റീവ് ആണെങ്കിൽ എന്ത് സംഭവിക്കും?**

നിങ്ങളുടെ കോവിട്-19 റിസൾട്ട് പോസിറ്റീവ് ആണെങ്കിൽ, നിങ്ങൾ റിസൾട്ട് കിട്ടാൻ ഈ പറഞ്ഞ ഓപ്ഷനിൽ ഏതെങ്കിലും രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങള്ക്ക് മൊബൈലിൽ മെസ്സേജ് ലഭിക്കും. അത് നിങ്ങളോടു ഫല പോർട്ടൽ പോയി റിസൾട്ട് നോക്കാൻ ആവശ്യപ്പെടും കൂടാതെ സ്വയം ഒറ്റപ്പെടുത്താൻ ഉള്ള നിർദേശങ്ങൾ തരും.

ലോക്കൽ പബ്ലിക് ഹെൽത്ത് ടീമിൽ ഉള്ള ജോലിക്കാർ നിങ്ങളെ ബന്ധപ്പെടും.

**സ്വകാര്യ വിവര സമാഹാര നോട്ടീസ്:** എൻ. എസ്. ഡബ്ള്യൂ. ഹെൽത്ത് പാത്തോളജി കോവിഡ് - **19** റിസൾട്ട് രോഗികളെ അറിയിക്കാൻ ആവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നു. ഈ വിവരങ്ങൾ മിക്കവാറും എൻ. എസ്. ഡബ്ള്യൂ. ഹെൽത്ത് ആണ് ഉപയോഗിക്കുന്നത്. എന്നിരുന്നാലും സർവീസ് എൻ. എസ്. ഡബ്ള്യൂ. നു രോഗികളെ അറിയിക്കുന്നതിന് വേണ്ടി ചില വിവരങ്ങൾ കൈമാറാറുണ്ട്. വ്യക്തികൾക്ക് ഗവണ്മെന്റ് അവരെ പറ്റി ശേഖരിക്കുന്ന വിവരങ്ങൾ അറിയാൻ നിയമപരമായി അവകാശം ഉണ്ട്. കൂടുതൽ വിവരങ്ങൾക്ക് www.pathology.health.nsw.gov.au/about-us/privacy എന്ന വെബ്സൈറ്റ് പരിശോധിക്കുക. വ്യക്തികൾ ആവശ്യാനുസരണം ഉള്ള വിവരങ്ങൾ നൽകാത്ത പക്ഷം എൻ. എസ്. ഡബ്ള്യൂ. ഹെല്ത്തിനു രോഗികൾക്ക് റിസൾട്ട് അറിയിക്കാൻ പറ്റാതെ വരും.